# Visit of External Affairs Minister to Kyrgyz Republic, Kazakhstan and Armenia (October 10-13, 2021)

October 09, 2021

---

## കിർഗിസ് റിപബ്ലിക്, കസാക്കിസ്ഥാൻ , അർമേനിയ എന്നിവിടങ്ങളിലേക്കുള്ള വിദേശ കാര്യമന്ത്രിയുടെ സന്ദർശനം(ഒക്ടോബർ 10-13, 2021)

ഒക്ടോബർ 09, 2021

കിർഗിസ് റിപബ്ലിക്, കസാക്കിസ്ഥാൻ , അർമേനിയ എന്നിവിടങ്ങളിലേക്ക് വിദേശ കാര്യമന്ത്രി ഡോ: ജയ്ശങ്കർ 2021 ഒക്ടോബർ 10 മുതൽ 13 വരെയുള്ള തിയ്യതികളിലായി ഒവ്ദ്യോഗിക സന്ദർശനം നടത്തും.

വിദേശകാര്യമന്ത്രി ഒക്ടോബർ 10-11 തീയതികളിൽ കിർഗിസ് റിപ്പബ്ലിക്കിൽ ആയിരിക്കും. വിദേശകാര്യ മന്ത്രിയെന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണ്. കിർഗിസ് റിപ്പബ്ലിക് പ്രസിഡന്റിനെ സന്ദർശിക്കുന്നതിനു പുറമേ അദ്ദേഹം കിർഗിസ്ഥാൻ വിദേശകാര്യ മന്ത്രിയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. സന്ദർശന വേളയിൽ ചില കരാറുകൾ / ധാരണാപത്രങ്ങൾ ഒപ്പുവെയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഒക്ടോബർ 11 മുതൽ 12 വരെ , വിദേശകാര്യമന്ത്രി കസാഖിസ്ഥാനിൽ ഏഷ്യയിലെ ഇൻററാക്ഷൻ ആൻഡ് കോൺഫിഡൻസ് ബിൽഡിംഗ് മെഷേഴ്സ് കോൺഫറൻസിന്റെ (CICA) ആറാമത്തെ മന്ത്രിസഭായോഗത്തിൽ പങ്കെടുക്കാൻ നൂർ-സുൽത്താനിൽ ഇതും. CICA ഫോറത്തിന്റെ നിലവിലെ ചെയർമാനും തുടക്കം നൽകിയ രാജ്യവുമാണ് കസാക്കിസ്ഥാൻ. കസാക്കിസ്ഥാൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായി ഡോ;ജയ്ശങ്കർ ഉഭയകക്ഷി ചർച്ചകൾ നടത്തുകയും കസാഖ് നേതൃത്വങ്ങളെ കൂടി സന്ദർശിക്കുകയുംചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

വിദേശകാര്യമന്ത്രി ഒക്ടോബർ 12-13 തീയതികളിൽ അർമേനിയ സന്ദർശിക്കും. ഇന്ത്യയുടെ ആദ്യ വിദേശകാര്യ മന്ത്രിയുടെ സ്വതന്ത്ര അർമേനിയയിലേക്കുള്ളയ സന്ദർശനമാണിത്. അദ്ദേഹം തന്റെ അർമേനിയൻ തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തും കൂടാതെ പ്രധാനമന്ത്രിയെയും അർമേനിയയുടെ ദേശീയ അസംബ്ലി പ്രസിഡന്റിനെയും സന്ദർശിക്കും.മൂന്ന് രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധത്തിലെ പുരോഗതി അവലോകനം ചെയ്യുന്നതിനും മേഖലയിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടുന്നതിനും സന്ദർശനം അവസരമൊരുക്കും. നമ്മുടെ 'വിപുലമായ അയൽപക്ക'ത്തിലെ രാജ്യങ്ങളുമായുള്ള നമ്മുടെ വർദ്ധിച്ച ഇടപെടലിന്റെ തുടർച്ചയാണിത്.

ന്യൂ ഡെൽഹി
ഒക്ടോബർ 09, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.